(ഡി) 19-8-1997-ലെ സർക്കാർ ഉത്തരവ് (പി) നം. 84/97 പൊ.മ.വ. പ്രകാരം 55 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകൾക്ക് കരാറുകാർ തന്നെ കമ്പിയും സിമന്റും സ്വന്തമായി വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ & എഫ്) അടിയന്തിരമായി ചെയ്തു തീർക്കേണ്ട ചെറുതും വലുതുമായ പണികൾ പി. ഡബ്ലിയു. ഡി. കോഡും മാനുവലും അനുസരിച്ച് ഗവൺമെന്റിന്റെ ഉത്തരവിന് വിധേയമായി ഡിപ്പാർട്ട്മെന്റ് നേരിട്ട് ചെയ്യുന്നുണ്ട്.

(ജി & എച്ച്) ഡിപ്പാർട്ട്മെന്റൽ വർക്കുകൾ മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ മുഖേന പീസ് വർക്കായി നൽകുന്നുണ്ട്.

(ഐ) വിവരം ശേഖരിച്ചു വരുന്നു.

റോഡുകൾക്കും പാലങ്ങൾക്കും നബാർഡ് പദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ട്

188 (3065) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റോഡുകളും പാലങ്ങളും അനുവദിക്കുന്നതിനായി നബാർഡ് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ട്;

(ബി) നബാർഡിന്റെ ധനസഹായത്തോടുകൂടി സംസ്ഥാനത്ത് എത്ര റോഡുകളുടേയും പാലങ്ങളുടേയും പണി പൂർത്തിയായിട്ടുണ്ട് ;

(സി) എത്ര റോഡുകളും പാലങ്ങളും ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു; അവയുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ ;

(ഡി) നിർമ്മിച്ചു കഴിഞ്ഞതും നിർമ്മിച്ചു കൊണ്ടിരിക്കുന്നതുമായ പാലങ്ങൾക്കും റോഡുകൾക്കുമായി നബാർഡിൽ നിന്ന് എത്ര സംഖ്യ ലഭിച്ചിട്ടുണ്ട് ;

(ഇ) നബാർഡ് പദ്ധതി പ്രകാരം പണിത റോഡുകൾക്കും പാലങ്ങൾക്കും കരാറുകാർക്ക് എത്ര രൂപ കുടിശ്ശിക കൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഫണ്ട് പദ്ധതി ലഭിച്ചിട്ടും എന്തുകൊണ്ടാണ് കരാറുകാർക്ക് കുടിശ്ശിക തുക കൊടുത്തു തീർക്കാത്തത് ;

(ജി) കരാരുകാർക്ക് കുടിശ്ശിക തുക കൊടുക്കുവാനുള്ളത് ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നബാർഡ് ഈ ഇനത്തിൽ പൊതുമരാമത്ത് വകുപ്പിന് 19,533.19 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly

(ബി) 33 പാലങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്. (നബാർഡിന്റെ സഹായത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണം ഈ വർഷമാണ് തുടങ്ങിയത് അതിനാൽ റോഡുകൾ ഒന്നും തന്നെ പൂർത്തിയായിട്ടില്ല.)

(സി) പൊതുമരാമത്ത് വകുപ്പ് നബാർഡ് സഹായത്തോടെ 115 പാലങ്ങളുടേയും 20 റോഡുകളുടേയും പണി നടത്തുന്നുണ്ട്. ഇതിൽ 33 പാലങ്ങൾ പൂർത്തിയായിട്ടുണ്ട്. 71 പാലങ്ങളുടേയും 19 റോഡുകളുടേയും പണി പുരോഗമിക്കുന്നു. 11 പാലങ്ങളുടേയും ഒരു റോഡിന്റെയും പണി ഉടൻ തുടങ്ങുന്നതാണ്.

(ഡി) നിർമ്മിച്ചു കഴിഞ്ഞതും, നിർമ്മിച്ചു കൊണ്ടിരിക്കുന്നതുമായ പാലങ്ങൾക്ക് നബാർഡിൽ നിന്നും റീ ഇമ്പേഴ്സ്മെന്റായി 50.58 കോടി രൂപ 29-2-2000 വരെ ലഭിച്ചിട്ടുണ്ട്. റോഡു പണിക്ക് തുകയൊന്നും ലഭിച്ചിട്ടില്ല.

(ഇ) ഈ ഇനത്തിൽ പൊതുമരാമത്ത് വകുപ്പ് 31-12-1999 വരെ 17.50 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ട്.

(എഫ്) നബാർഡ് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും കരാറുകാർക്ക് നൽകിയ തുകയാണ് നബാർഡ് റീ ഇമ്പേഴ്സ്മെന്റായി നൽകുന്നത്.

(ജി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കഴിവതും വേഗം കൊടുത്തു തീർക്കുന്നതാണ്.

മീനച്ചിലാറിന്റെ ഇടിഞ്ഞഭാഗം കരിങ്കല്ലുകെട്ടി റോഡ് സംരക്ഷിക്കുന്നതിന് നടപടി

189 (3066) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ പുന്നത്തുറ നടപ്പാലത്തിന് സമീപം മീനച്ചിലാറിന്റെ ഇടിഞ്ഞ ഭാഗം കരിങ്കല്ലു കെട്ടി റോഡ് സംരക്ഷിക്കുന്നതിന് ആവശ്യമായ പണികൾക്കുവേണ്ടി എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് എടുത്തിട്ടുള്ളത് ;

(സി) ഈ പണി ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ടെണ്ടർ ചെയ്ത് പണി ഉടനെ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പുന്നത്തുറ നടപ്പാലം മുതൽ പട്ടിത്താനം പാലം വരെയുള്ള റോഡും പട്ടിത്താനം പാലത്തിന്റെ അപ്രോച്ച് റോഡും ടാർ ചെയ്യുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ രണ്ട് റോഡുകളും എത്രയുംവേഗം ടാർ ചെയ്യിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly